# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **6543**

**09.07.2014**- ലെ മറുപടിക്ക്

**സഹകരണസംഘങ്ങളുടെ പുന:രുദ്ധാരണ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം.വി. ശ്രേയാംസ് കുമാർ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനു പദ്ധതിയുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്.<br>ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അടക്കമുള്ള സഹകരണസംഘങ്ങൾക്ക് അനുയോജ്യമായ പ്രോജക്റ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാ നത്തിൽ പുനരുദ്ധാരണത്തിന് ധനസഹായം നൽകി വരുന്നുണ്ട്. സ്കൂൾ/സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ, ദുർബല വനിതാ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം ഉൾപ്പെടെയുള്ള സാഹിത്യ സംഘങ്ങളുടെയും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണത്തിന് നിലവിൽ സംസ്ഥാന പദ്ധതിയിൻ കീഴിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ സഹകരണ മേഖലയിലെ ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും വിപണന സംസ്കരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും എൻ.സി.ഡി.സി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നുണ്ട്. |
| ബി) സഹകരണ സംഘങ്ങൾക്ക് പുന:രുദ്ധാരണത്തിനുള്ള സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (ബി) സംഘം പുനരുദ്ധാരണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റിന്റെ സ്വീകാര്യത, പ്രതീക്ഷിക്കുന്ന വരുമാനം, പദ്ധതി നടപ്പിലാക്കുന്നതിന് സംഘത്തിനുള്ള കഴിവ്, സംഘത്തിന്റെ വിഹിതം വഹിക്കുന്നതിനുള്ള കഴിവ്, പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഉണ്ടായിരിക്കുക, തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഉണ്ടായിരിക്കുക, ആഡിറ്റ് കാലാനുസൃതമായിരിക്കുകയും യഥാസമയം പൊതുയോഗം കൂടുകയും ചെയ്യുക എന്നിവയാണ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ. |

| | |
|---|---|
| സി) വയനാട് ജില്ലയിലെ ഏതെല്ലാം സഹകരണ സംഘങ്ങളെ പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) 2013-2014 വാർഷിക പദ്ധതി പ്രകാരം വയനാട് ജില്ലയിലെ തവിഞ്ഞാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 4031, തൃക്കൈപ്പെറ്റ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 7602 എന്നീ 2 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും കൂടാതെ, വയനാട് എസ്.സി/എസ്.റ്റി കൺസ്ട്രക്ഷൻ സഹകരണ സംഘം ലി.നം ഡബ്ല്യൂ 52 (CONCOS) നും പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>നോർത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി ലി നം. സി 384 ന് 2013-2014 ലെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം അനുവദിച്ച ധനസഹായം നൽകാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ 2014-2015 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ